## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *269 — 20.12.2012-ൽ മറുപടിയ്ക്ക്

## കാൽനടയ്ക്കുള്ള സ്ഥലം റോഡിന്റെ ഭാഗമാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>,, സാജു പോൾ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് നവീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള വീതി കൂട്ടലിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാതാകുന്ന സാഹചര്യങ്ങളിൽ കാൽനടയ്ക്കുള്ള സ്ഥലം ടാർ ചെയ്ത് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(ബി) ഇത്തരം റോഡുകളിലെ കാൽനട യാത്രക്കാരുടെ സുരക്ഷാഭീഷണി കണക്കിലെടുത്ത് പരിഹാര നടപടികൾ സ്വീകരിക്കുമോ ; | **(എ) & (ബി) :**<br>ഉണ്ട്. റോഡ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയപാതകളിലും, പ്രധാന ജില്ലാ റോഡുകളിലും, പല സ്ഥലങ്ങളിലും റോഡുകളുടെ വീതി കൂട്ടി പേവ്ഡ് ഷോൾഡറുകൾ നിർമ്മിക്കാറുണ്ട്. ഇത്തരത്തിൽ പേവ്ഡ് ഷോൾഡറുകൾ ചെയ്യുമ്പോൾ അത്തരം പണിയോടൊപ്പം തന്നെ റോഡിന്റെ വീതി കണക്കാക്കി ഇരുവശങ്ങളിലും റോഡ് മാർക്കിങ്ങുകളും കൂടി ചെയ്യാറുണ്ട്. ഇത്തരം മാർക്കിങ്ങുകൾ കാൽനടക്കാരുടെ സുരക്ഷയെ ഉദ്ദേശിച്ചാണ് ചെയ്യാറുള്ളത്. |
| (സി) ഇത്തരം റോഡുകളിൽ അപകടം ഉണ്ടാകുന്ന തരത്തിൽ നില കൊള്ളുന്ന വൈദ്യുത-ടെലിഫോൺ പോസ്റ്റുകൾ മാറ്റുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ? | (സി) റോഡിൽ ഗതാഗത തടസ്സം സൃഷ്ടിച്ച് സ്ഥാപിച്ചിട്ടുള്ള വൈദ്യുത തൂണുകളും ടെലിഫോൺ തൂണുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റി ജില്ലാതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ